(സി) പ്രസ്തുത ഭൂമി വകുപ്പിന് കൈമാറ്റം ചെയ്ത് കിട്ടിയെങ്കിലും ടി സ്ഥലത്ത് കയ്യേറ്റം നടത്തുകയും കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് നിർവ്വാഹമില്ലെന്ന് കളക്ടർ അറിയിച്ചതിനെത്തുടർന്ന് അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടുപിടിക്കാൻ ശ്രമമാരംഭിച്ചു. ആയതിന് പ്രയാസം നേരിടുന്ന പക്ഷം നേരത്തെ കൈമാറ്റം ചെയ്ത ഭൂമിയിൽ കയ്യേറ്റത്തിനുശേഷം ബാക്കിനിൽക്കുന്ന കീഴ്ക്കാംതൂക്കായ സ്ഥലത്ത് കെട്ടിടം പണിയാനുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും പ്രസ്തുത സ്ഥലത്ത് കെട്ടിടം പണിയാൻ നിർവ്വാഹമില്ലെന്ന് പി.ഡബ്ല്യു.ഡി. അറിയിച്ചതിനാൽ മറ്റൊരു സ്ഥലം കണ്ടുപിടിക്കാനുള്ള ശ്രമം നടത്തിവരുന്നു.

(ഡി) അനുയോജ്യമായ ഭൂമി ലഭ്യമാക്കുന്ന സ്ഥലത്തേക്ക് സ്കൂൾ മാറ്റി സ്ഥാപിക്കുന്നതാണ്.

(ഇ) എം.ആർ.എസ്.-ന് അനുയോജ്യമായ ഭൂമി ലഭ്യമാക്കാമെന്ന സമ്മതം പഞ്ചായത്ത് ഡിപ്പാർട്ടുമെന്റിനെ അറിയിച്ചിട്ടില്ല.

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഗവൺമെന്റ് ഐ.ടി.സി.-കൾ

65 [5442] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ഗവൺമെന്റ് ഐ.ടി.സി.-കൾ പ്രവർത്തിക്കുന്നതെന്ന് വിശദീകരിക്കാമോ;

(ബി) ഈ ഐ.ടി.സി.-കളിൽ നിലവിൽ എന്തെല്ലാം ട്രേഡുകളിലാണ് പരിശീലനം നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ താഴെ പറയുന്ന എണ്ണം ഐ.ടി.സി.-കൾ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്നു:

1.	തിരുവനന്തപുരം	..	9 എണ്ണം
2.	കൊല്ലം	..	3 ,,
3.	പത്തനംതിട്ട	..	2 ,,
4.	കോട്ടയം	..	4 ,,
5.	ആലപ്പുഴ	..	2 ,,
6.	എറണാകുളം	..	1 ,,
7.	തൃശ്ശൂർ	..	8 ,,
8.	പാലക്കാട്	..	3 ,,
9.	മലപ്പുറം	..	4 ,,
10.	കോഴിക്കോട്	..	2 ,,
11.	കണ്ണൂർ	..	1 ,,
12.	കാസർഗോഡ്	..	2 ,,

LIBRARY ARCHIVES Kerala Legislative Assembly

(ബി) വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.സി.-കളിൽ ഇപ്പോൾ 11 ട്രേഡുകളിൽ പരിശീലനം നൽകിവരുന്നു. ഇവ താഴെ പറയുന്നവയാണ്:

ദ്വിവത്സര മെട്രിക് ട്രേഡുകൾ:

1. മെക്കാനിക്ക്—റേഡിയോ ആന്റ് ടെലിവിഷൻ
2. മെക്കാനിക്ക്—ഇലക്ട്രോണിക്സ്
3. മെക്കാനിക്ക്—മോട്ടോർ വെഹിക്കിൾ
4. ഡ്രാഫ്റ്റ്സ്മാൻ (സിവിൽ)
5. ഇലക്ട്രീഷ്യൻ
6. സർവേയർ

ദ്വിവത്സര നോൺ-മെട്രിക് ട്രേഡ്:

7. പെയിന്റർ—ജനറൽ

ഏകവത്സര മെട്രിക് ട്രേഡുകൾ:

8. വെൽഡർ
9. കാർപെന്റർ

ഏകവത്സര നോൺ-മെട്രിക് ട്രേഡുകൾ:

10. പ്ലംബർ
11. കട്ടിംഗ് ആന്റ് ടെയിലറിംഗ്

പ്രീമെട്രിക് ഹോസ്റ്റലുകൾക്ക് സ്വന്തം കെട്ടിടം

66 [5443] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രീമെട്രിക് ഹോസ്റ്റലുകളിൽ പകുതിയിലധികവും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വളരെ മോശമായ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ലേഡീസ് പ്രീമെട്രിക് ഹോസ്റ്റലുകളിൽ വേണ്ടത്ര സുരക്ഷിതത്വം ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകൾ ഉൾപ്പെടുന്ന ത്രിതല പഞ്ചായത്തു സമിതികളും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി ആലോചിച്ച് സ്വന്തം കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായിരുന്നതും കൈമാറിക്കഴിഞ്ഞതുമായ 91 പ്രീമെട്രിക് ഹോസ്റ്റലുകളിൽ 60 ഹോസ്റ്റലുകൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളിൽ പകുതിയിലധികവും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിലുള്ള വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ചില പ്രീമെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

കാസർഗോഡ് ജില്ലയിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ

67 [5444] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ പുതിയ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കായി പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിലവിലുണ്ട്.

(ബി) ബാധകമല്ല.

കുന്ദമംഗലം ഹോസ്റ്റലിന് സ്വന്തം കെട്ടിടം

68 [5445] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്തുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ (സി.ഡബ്ല്യു. ആർ.ഡി.എം.) കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതിന് വാടകയിനത്തിൽ മാസംതോറും സർക്കാർ എത്ര രൂപ നൽകുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഈ കെട്ടിടത്തിൽ സൗകര്യമില്ലാത്തതുമൂലം വിദ്യാർത്ഥികൾ പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് ലഘൂകരിക്കുന്നതിനുവേണ്ടി ഹോസ്റ്റലിന് സ്വന്തം കെട്ടിടം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഇതിനുവേണ്ടി കുന്ദമംഗലത്തിന്റെ പരിസരത്തുള്ള പുറംപോക്ക് സ്ഥലങ്ങൾ ഉപയോഗപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ ഇതിനുവേണ്ടി കണ്ടെത്തിയ ഭൂമി ഏതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly